പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6401 - 11/07/2012-ലെ മറുപടിക്ക്**

സ്വയംസംരംഭക മിഷൻവഴി പരിശീലനം പൂർത്തിയാക്കിയവർ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. വി. പി. സജീന്ദ്രൻ :<br>ശ്രീ..എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ :<br>ശ്രീ. എ.റ്റി. ജോർജ് :** | | **ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി** |
| (എ) | സംസ്ഥാന സ്വയംസംരംഭക മിഷൻ വഴി സംരംഭകർ പരിശീലനം പൂർത്തിയാക്കി യിട്ടുണ്ടോ; വിശദമാക്കുമോ ; | ആദ്യഘട്ട പരിശീലനം പൂർത്തിയായി. ആദ്യഘട്ടത്തിൽ 231 സംരംഭങ്ങളിലെ സംരംഭകർക്കാണ് പരിശീലനം നൽകിയത്. |
| (ബി) | ഇവർക്ക് പലിശ രഹിത വായ്പ വിതരണം ചെയ്യുന്നതിന് നടപടികൾ എടുക്കുമോ ;<br>വിശദാംശങ്ങൾ എന്തെല്ലാം; | പരിശീലനം പൂർത്തിയാക്കിയ ഗ്രൂപ്പുകൾ സമർപ്പിക്കുന്ന അപേക്ഷ പദ്ധതിയുടെ നോഡൽ ഏജൻസിയായ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി), ബാങ്കുകളിൽ സമർപ്പിക്കുകയും സംരംഭകർക്ക് വായ്പ ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്. ഇതിനകം 125 സംരംഭങ്ങളുടെ അപേക്ഷകൾ ഇപ്രകാരം ബാങ്കുകളിൽ അയച്ചു കൊടുക്കുകയുണ്ടായി. ഇതിൽ 24 സംരംഭങ്ങൾക്ക് അനുമതി നൽകിക്കഴിഞ്ഞു. ഇവയിൽ ഒരു സംരംഭത്തിന് വായ്പയും നൽകിക്കഴിഞ്ഞിട്ടുണ്ട്. |
| (സി) | ഈ പദ്ധതിക്ക് സംസ്ഥാന തല ബാങ്കേഴ്സ് സമിതി അനുമതി നൽകിയിട്ടുണ്ടോ ? | സംസ്ഥാനതല ബാങ്കേഴ്സ് സമിതി ഈ പദ്ധതി അംഗീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ